# <u>സങ്കടപ്പുഴ</u>

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

## ഞാനിന്നലെ

99ലെ വെള്ളപ്പൊക്കത്തിൽ $ മുങ്ങിപ്പൊങ്ങി.
ഇടവഴികളെ തടയിട്ട് മാങ്ങയും ചക്കയും
പുളിയും തേങ്ങയും പൂത്തഴുകുന്നത് കണ്ടു:

വള്ളത്തിൽ ഇടമില്ലാതെ മോങ്ങുന്ന
നായയുടെ നെടുവീർപ്പ് വിഴുങ്ങുന്ന തകഴിയുടെ
പൂച്ചയേയും ആടിനേയും ചേന്ദനേയും.
തുന്നാത്ത തുണി തൂരെക്കളഞ്ഞതും
കള്ളക്കർക്കടകത്തിലെ വെള്ളവിതാനത്തിൽ
നനഞ്ഞു കത്തുന്ന കണ്ടനും കോരനും
കുറുപ്പത്തെ പാറുട്ടിയും അമ്പാട്ടെ കുഞ്ഞും
മാരാത്തെ മോളും വല്യപ്പടം വറുക്കാൻ
എണ്ണവെള്ളത്തിൽ ഓർമ്മ മണത്ത് മൂകരായതും.

ഉറൂബിന്റെ ദളിതയായ നീലിപ്പെണ്ണും
വിവേകാനന്ദം പണയപ്പെടുത്തിയ ചെല്ലമ്മയും
അഹങ്കാരാലങ്കാരങ്ങൾ കൈവിട്ട കൈരളിയും
ഭയപ്പാടിൽ മദപ്പാടു മറന്ന ഗജകേസരിയും
വെള്ളം വരച്ച വരയിൽ തളർന്നു നിന്നതും.

*****************************************************************

ഓ! നോഹാ!!
പെട്ടകത്തിൽ പെട്ടുപോയ
ഇണകളെ മോചിപ്പിക്കാൻ മാടപ്പിറാവിനെ
ഒലിവെണ്ണയിൽ അലിയിച്ച് പരിശോധകനാക്കുന്നോ?

ആദിജലത്തിലെ ജീവകണിക

അളിഞ്ഞ ദേഹിയിൽ തെളിഞ്ഞയാൾരൂപത്തിൽ
മത്സ്യാവതാര കരുണരസം ആലപിക്കുന്നോ?

*********************************************************************************

കണ്ണു തുറക്കുക:
അറ്റ്ലാന്റിക്കിലെ പൂർവ്വമുഖവും
മെക്സിക്കൻ ഗൾഫിലെ പശ്ചിമപാർശ്വവും
[1]ഇർമ്മയെയും [2]മരിയയെയും
കടത്തിവെട്ടാതെ കടാക്ഷിക്കാൻ
പേരിടാത്ത അവളെയും അവനെയും
പ്രണയിക്കാത്ത കരയിൽ നിന്നും
വരുണൻ മാരുതിയിലേറാതെ കരേറ്റാൻ
കരഞ്ഞർത്ഥിക്കുന്നൂ
ഭൂപടത്തിൽ വിരലറ്റം പോലുള്ള
തീരാത്ത മണൽത്തീരത്തോട്.
*********************************************************************************

$ ദുരിതാശ്വാസത്തിന് ഉദാരമായി സംഭാവന ചെയ്യുക

1, 2 ഫ്ലോറിഡായിലും പോർട്ടോറിക്കോയിലും 2017ൽ വൻനാശം വിതച്ച രണ്ടു കൊടുങ്കാറ്റുകൾ